JAGRATHA 100

Vol-3, N0:25
24-07- 2009

*Kerala Catholic Bishops' Council's*

# ***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Secretary**
Fr. Johny Kochuparambil MST
**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. സ്വവർഗരതി; മാനവികതയ്ക്ക് നിരക്കാത്ത അധാർമികത

02. സ്വവർഗലൈംഗീകതയ്ക്ക് അംഗികാരം നൽകരുത്: ഡോ.തോമസ് മാർ കൂറിലോസ്

03. സ്വവർഗലൈംഗികത: പ്രോലൈഫ്സമിതി ലക്ഷം കത്തുകൾ അയയ്ക്കും

04. വിദ്യാഭ്യാസമേഖലയെ കൈപ്പിടിയിലൊതുക്കാൻ സർക്കാർ ശ്രമം: മാർ പവ്വത്തിൽ

05. അൽഫോൻസാമ്മ സഹനത്തെ മഹത്വവത്ക്കരിച്ചു: ഡോ. സ്റ്റാൻലി റോമൻ

## 01. സ്വവർഗരതി : മാനവികതയ്ക്ക് നിരക്കാത്ത അധാർമികത

പ്രായപൂർത്തിയായവർ തമ്മിലുള്ള സ്വവർഗരതി കുറ്റകരമല്ലെന്ന ഡൽഹിഹൈക്കോടതി വിധി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. സ്വവർഗ്ഗാനുരാഗികളുടെ സംഘടനയായ "നാസ് ഫൗണ്ടേഷൻ" 2001- ൽ നൽകിയ പൊതുതാത്പര്യഹർജിയിലാണ് ഡൽഹി ഹൈക്കോടതി 2009 ജൂലൈ മാസം വിധി പ്രസ്താവിച്ചത്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ സെക്ഷൻ 377 പൗരന്റെ മൗലീകവകാശങ്ങളുടെ ലംഘനമാണെന്നും കോടതി വിധിച്ചു. ഡൽഹിഹൈക്കോടതി ചീഫ് ജസ്റ്റിസ് എ.പി. ഷാ അധ്യക്ഷനായ ഡിവിഷൻ ബഞ്ചിന്റേതാണ് വിധി. പ്രായപൂർത്തിയായിട്ടില്ലാത്തവരുമായിട്ടുള്ള സ്വവർഗരതി കുറ്റമായിത്തന്നെ തുടരുമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്  ഈ വിധിക്ക് മുൻകാലപ്രബല്യമില്ല. 1860- ൽ തോമസ് മെക്കാളെ പ്രഭു നൽകിയതാണ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-)0 വകുപ്പ്.  ഇന്ത്യൻശിക്ഷാനിയമത്തിൽ പ്രകൃതിവിരുദ്ധ ലൈംഗീകബന്ധം പത്തുവർഷം വരെ തടവോ പിഴയോ ജീവപര്യന്തംവരെ തടവോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. നിയമപരിഷ്കരണത്തിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് ഇന്ത്യൻ പീനൽകോഡിലെ 377-)0 വകുപ്പ് നീക്കം ചെയ്യാൻ ആലോചിക്കുന്ന സാഹചര്യത്തിലാണ് ഈ വിധി വന്നിട്ടുള്ളത്. വിവിധ മത- സാമൂഹ്യ-സാംസ്ക്കാരികസംഘടനകളുമായി ആലോചിച്ചുമാത്രമേ ഈ വകുപ്പ് നീക്കം ചെയ്യാൻ തീരുമാനമെടുക്കൂ എന്ന് കേന്ദ്രനിയമമന്ത്രി വീരപ്പ മൊയ്‌ലി പ്രഖ്യാപിച്ചിട്ടുണ്ട്. ഡൽഹിഹൈക്കോടതിയുടെ വിധി ഭാരതീയസമൂഹത്തിൽ നിയമപരവും ധാർമികവുമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് ഇടയാക്കും. ഭാരതീയസംസ്ക്കാരത്തിന്റെ സവിശേഷമായ മുഖമുദ്ര ഇവിടുത്തെ കുടുംബബന്ധങ്ങളും അത് നൽകുന്ന മാനുഷികമൂല്യങ്ങളുമാണ്. സ്വവർഗപ്രേമം കുടുംബബന്ധങ്ങളെ ബാധിക്കും. അത് മനുഷ്യന്റെ മൃഗീയവാസനകളെ പ്രോത്സാഹിപ്പിക്കും. ലൈംഗീകതയുടെ പാവനതയെ ജഡമോഹത്തിന്റെ തലത്തിലേക്ക് താഴ്ത്തുന്നതാണ് സ്വവർഗരതി. കുറച്ചുപേരുടെ അധമവാസനകളേക്കാൾ നാം പ്രധാന്യം നൽകേണ്ടത് സനാതന ധർമങ്ങൾക്കാണ്. മാനവികതക്ക് നിരക്കാത്ത അധാർമികമായ ഒന്നിനെ നിയമവിധേയമാക്കുന്നത് കാടത്തമാണ്.

മാനവസമൂഹത്തിന്റെ അടിസ്ഥാനം കുടുംബമാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള പരസ്പരബന്ധത്തിലൂടെയാണ് പുതിയവ്യക്തികൾ സമൂഹത്തിൽ ജന്മമെടുക്കുന്നത്. ദൈവം ലൈംഗീകത എന്ന ദാനം മനുഷ്യർക്ക് നൽകിയിരിക്കുന്നത് സുഖാസ്വാദനത്തിനുമാത്രമല്ല. ലൈംഗീകതയുടെ പ്രഥമലക്ഷ്യം വ്യക്തികൾക്ക് ജന്മം നല്കലാണ്. പരസ്പരസ്നേഹത്തിന്റേയും സംഗമത്തിന്റേയും ഫലമായി പുതിയ വ്യക്തിത്വങ്ങൾ രൂപം കൊള്ളണം. എന്നാൽ സ്വവർഗരതി ജനനത്തിലേക്ക് തുറവിയില്ലാത്തതാണ്. സ്വവർഗവിവാഹവും സ്വവർഗരതിയും ദൈവനിഷേധവും മനുഷ്യകുലത്തോടുള്ള കൊടുംതിന്മയുമാണ്. സ്വാഭാവിക വിവാഹവും കുടുംബവും ഇല്ലാതായാൽ മാനവകുലം തന്നെ ഇല്ലാതാകും. പാശ്ചാത്യസംസ്ക്കാരത്തിന്റെ അന്ധമായ അനുകരണം അന്തഃചിദ്രമാണ് വിതയ്ക്കുക. പല യൂറോപ്യൻ രാജ്യങ്ങളും ഈ നിയമത്തിന്റെ സാധുതയിലൂടെ നശിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നതിലൂടെ ധാർമികമായ അപചയമാണ് വന്നു ചേരുന്നത്. പുരുഷനും സ്ത്രീയും തമ്മിലുള്ള സ്വാഭാവികവും പ്രകൃതി അനുവദിക്കുന്നതുമായ ലൈംഗീക ബന്ധത്തെ മാത്രമേ തിരുസഭ അംഗീകരിക്കുന്നുള്ളൂ. മനുഷ്യനു നല്കപ്പെട്ടിട്ടുള്ള ലൈംഗീകത ദൈവദത്തമാണ്. അതിനുള്ള പരിശുദ്ധി കാത്തുസൂക്ഷിക്കപ്പെടണം. സ്വവർഗവിവാഹവും സ്വവർഗലൈംഗീകതയും ദൈവത്തെ നിഷേധിക്കലാണ്; പ്രകൃതിവിരുദ്ധവുമാണ്. ദൈവനിഷേധം മാനവകുലത്തെ നാശത്തിലേക്ക് നയിക്കും. സ്വവർഗരതിയെ പാപവും അധാർമികവുമായിട്ടാണ് സഭ നോക്കിക്കാണുന്നത്.

സ്വവർഗാനുരാഗികൾ തങ്ങൾക്കീ പ്രവണത ജന്മനാ ലഭിക്കുന്നതായിട്ടാണ് പറയുന്നത്. ഇത് തെറ്റായ വാദമാണ്. സ്വവർഗരതി സമൂഹം ആർജിച്ചെടുക്കുന്നതാണ് . ആരുടേയൊ നിർബന്ധമോ ജൈവീകപ്രത്യേകതകളോ അതിനില്ല. സ്വാഭാവികമായ പ്രേരണകളെ നിയന്ത്രിക്കുവാൻ ദൈവം മനുഷ്യനു പ്രത്യേകകഴിവ് നൽകിയിട്ടുണ്ട്. സ്വാഭാവികമെന്ന വാദം ഉന്നയിച്ച് മനുഷ്യനിലുള്ള മൃഗീയവാസനകളെ നിയമാനസൃതമാക്കാൻ കഴിയില്ലല്ലോ. പാശ്ചാത്യസംസ്ക്കാരത്തിന്റെ അന്ധമായ അനുകരണം, വഴിവിട്ട വ്യക്തിസ്വാതന്ത്ര്യം, മയക്കുമരുന്ന്, മാധ്യമപ്രചരണം, ലക്ഷ്യബോധത്തോടെയുള്ള ശിക്ഷണമില്ലായ്മയുടെ അഭാവം, ആരോടും പ്രതിബദ്ധമില്ലായ്മ, വീക്ഷണവൈകല്യം എന്നിവയെല്ലാം സ്വവർഗരതിയുടെ കാരണങ്ങളാണ്. സ്വവർഗരതി മനോവൈകല്യത്തിന്റെ പ്രകടരൂപമാണ്. തലതിരിഞ്ഞ ലൈംഗീകവൈകൃതമാണത്. ചികിത്സിച്ചുമാറ്റേണ്ട മനോവൈകല്യത്തെ നിയമവിധേയമാക്കുന്നത് ശരിയല്ല. മറിച്ച്, അതിൽ നിന്നും അവരെ തിരിച്ചുകൊണ്ടുവരാനുള്ള നടപടികളാണ് ധാർമികബോധമുള്ള സമൂഹം ചെയ്യേണ്ടത്. ലൈംഗീകരോഗങ്ങൾ പരത്തുന്നതിൽ സ്വവർഗാനുരാഗികൾ മുന്നിലാണ്. എയ്ഡ്സ് ഉൾപ്പെടെയുള്ള ലൈംഗീക രോഗങ്ങൾക്ക് വഴിവയ്ക്കുന്നതാണ് സ്വവർഗപ്രേമം. മദ്യവും മയക്കുമരുന്നുമെല്ലാം ഇവരുടെ കൂടപിറപ്പാണ്.

ഇന്ത്യയിൽ വിവാഹം പരിശുദ്ധ കർമമാണ്. സ്ത്രീ- പുരുഷബന്ധത്തിന് പാവനമായ അടിത്തറയുണ്ട്. കുടുംബബന്ധങ്ങളിൽ മായം ചേർക്കുന്നതിന് തുല്യമാണ് സ്വവർഗരതി സമ്പ്രദായം നിലവിൽ വരുന്നതു മൂലം സംഭവിക്കുക. ജീവൻ ദൈവീകമായ ദാനമാണ്. അതിന്റെ പരിപൂർണതയിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരാണ് മനുഷ്യൻ . ദൈവത്തിന്റെ മഹത്തായ സൃഷ്ടികർമ്മത്തിൽ പങ്കാളികളാവാൻ വിളിക്കപ്പെട്ടവരാണ് ഓരോ പുരുഷനും സ്ത്രീയും. സ്വവർഗവിവാഹത്തിൽ സൃഷ്ടികർമ്മമില്ല. മക്കളും കുടുംബവുമില്ല. ആരോടും പ്രതിബദ്ധതയുമില്ല. ഇന്ദ്രിയസുഖം മാത്രമാണ് അവിടെയുണ്ടാവുക. ഒരിനം പാഴായി പോകുന്ന ജീവിതം. ജീവന്റെ ദൈവീകത ഉൾക്കൊള്ളുന്നവർക്ക് സ്വവർഗരതി ഒരിക്കലും അംഗീകരിക്കാനാവില്ല. തലമുറകളിലേക്ക് പ്രവഹിക്കേണ്ട ജീവന്റെ സന്ദേശം, പ്രകൃതി വിരുദ്ധ വേഴ്ചയിലും സ്വാർത്ഥതയിലും നശിപ്പിക്കാനുള്ളതല്ല. ദൈവീകദാനമായ ജീവനെ പരിപോഷിപ്പിക്കാത്ത ഒരു പ്രവർത്തിയോട് സന്ധി ചെയ്യുവാൻ തിരുസഭയ്ക്കാവില്ല. തിരുസഭ സ്വവർഗാനുരാഗികളെ വെറുക്കുന്നില്ല. കാരണം അതൊരു മനോവൈകല്യമായതിനാൽ, അവർ രോഗികളായതിനാൽ അവരോട് സ്നേഹവും കരുണയും പരിഗണനയും വേണമെന്നാണ് സഭാപക്ഷം. അത് ഒരു അംഗീകാരമല്ല. ചികിത്സിച്ചു ഭേദമാക്കി മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരണം, വീണ്ടെടുക്കണമെന്നാണ് സഭയുടെ എക്കാലത്തെയും നിലപാട്. സഭ സ്വവർഗരതിയെ ശക്തമായി എതിർക്കുന്നു. സ്വവർഗരതിയെ ഗൗരവമാർന്ന പാപമായും അധാർമികമായും സഭ കാണുന്നു.

നിയമം മൂലം നിരോധിക്കപ്പെട്ട ഒന്നിന് നിയമസാധുത ലഭിക്കുന്നതോടെ സ്വാഭാവികമായി അതിന് സാമൂഹികാംഗീകാരം കൂടി ലഭിക്കും തിന്മകളുമായി സന്ധി ചെയ്താൽ അത് വ്യക്തികളുടേയും സമൂഹത്തിന്റെയും നാശത്തിലായിരിക്കും അവസാനിക്കുക. കോടതിവിധി ഈ തിന്മയെ വളർത്താനാണ് സഹായിക്കുക. സമൂഹത്തിനത് ദോഷമുണ്ടാക്കും. അധാർമികതയും ലൈംഗീക അരാജകത്വവും സൃഷ്ടിക്കാൻ ഉതകുന്ന നിലപാടുകളോട് സഭയ്ക്ക് സന്ധി ചെയ്യാനാവില്ല. കുടുംബഭദ്രതയെ നിലനിർത്താൻ കഴിയുന്ന നിലപാടുകളാണ് രാഷ്ട്രം സ്വീകരിക്കേണ്ടത്. നിയമവും നിയമനിർമാണവും അതിനുപകരിക്കണം. സമൂഹത്തിലുണ്ടാകുന്ന ധാർമിക തകർച്ചകളുടെ നേരെ സർക്കാർ കണ്ണടയ്ക്കരുത്. പൊതുസമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ സർക്കാർ ഇടപെടണം. ഇന്ത്യൻ പീനൽകോഡിലെ 377-) വകുപ്പ് റദ്ദാക്കാനുള്ള നടപടികളിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണം. മൂല്യങ്ങളിൽ അടിസ്ഥാനമാക്കിയുള്ള ഒരു വിദ്യാഭ്യാസ ക്രമത്തിലൂടെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സ്വഭാവഗുണമായിരിക്കണം വിദ്യാഭ്യാസത്തിന്റെ മൗലീകമായ ലക്ഷ്യം സ്വഭാവഗുണമില്ലാത്ത വിദ്യാഭ്യാസം ആപത്കരവും ഉപയോഗശൂന്യവുമാണെന്ന് തിരിച്ചറിയണം. ആത്മനിയന്ത്രണത്തിന്റെ കരുത്ത് സ്കൂൾതലത്തിലെ കുട്ടികൾക്ക് ബോധ്യപ്പെടുത്തികൊടുക്കണം. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരിമിതികളും അമൂല്യമായ ജീവന്റെ സാധ്യതകളും ബാല്യത്തിലെ രൂഢമൂലമാകണം. ദൈവീകതയെ സ്നേഹിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കണം. എങ്കിലേ നന്മനിറഞ്ഞ സമൂഹം നിലനിൽ വരികയുള്ളൂ. **(അഡ്വ. ചാർളി പോൾ)**

## 02. സ്വവർഗ ലൈംഗികതയ്ക്ക് അംഗീകാരം നൽകരുത്: ഡോ.തോമസ് മാർ കൂറിലോസ്

അധാർമികവും പ്രകൃതി വിരുദ്ധവുമായ സ്വവർഗ ലൈംഗികതയ്ക്ക് അംഗീകാരം നൽകരുതെന്ന് തിരുവല്ല അതിരുപതാധ്യക്ഷൻ ആർച്ച് ബിഷപ് ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. അതിരൂപതയുടെ പതിമൂന്നാമത് പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാമതു സമ്മേളനം തിരുവല്ല ശാന്തിനിലയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സ്വവർഗ ലൈംഗികത നിയമവിധേയമാക്കാനുള്ള നീക്കത്തിനെതിരേ ഷാജി പൂച്ചേരിൽ പ്രമേയം അവതരിപ്പിച്ചു.2009- 10 സാർവത്രികസഭ വൈദികവർഷം ആചരിക്കുന്നതിന്റെ ഭാഗമായി അതിരൂപതയിലെ വിവിധ കർമപരിപാടികൾക്കു യോഗം രൂപം നൽകി. വൈദികർക്കു തുടർപരിശീലന പദ്ധതി നടപ്പാക്കുന്നതിനും എല്ലാ മേഖലയിലും വൈദികവർഷത്തെ സംബന്ധിച്ച പഠനം നടത്തുന്നതിനും അതിരൂപത അസംബ്ലി വിളിച്ചുകൂട്ടുന്നതിനും കൗൺസിൽ തീരുമാനിച്ചു. വൈദിക ജീവിതവും സമർപ്പണവും എന്ന വിഷയത്തിൽ മാവേലിക്കര രൂപത വികാരി ജനറാൾ ഫാ.ഡോ.ജോൺ പടിപ്പുരയ്ക്കൽ ക്ലാസ് നയിച്ചു. യോഗത്തിൽ വികാരി ജനറാൾമാരായ ഫാ.ഡോ.ആന്റണി കാക്കനാട്ട്, മോൺ.ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രഫ.കെ.സി മത്തായി, ഫാ.ജോ ർജ് തേക്കടയിൽ, ഫാ.റോയി ആഞ്ഞിലിമൂട്ടിൽ, ജയ്സ് കോഴിമണ്ണിൽ, പ്രഫ. ജേക്കബ് എം. ഏബ്രഹാം, ബാബു കല്ലുങ്കൽ, എജി പാറപ്പാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

## 03. സ്വവർഗലൈംഗികത: പ്രോലൈഫ്സമിതി ലക്ഷം കത്തുകൾ അയയ്ക്കും

സ്വവർഗ ലൈംഗികതയ്ക്ക് നിയമപരിരക്ഷ നൽകാനുള്ള ശ്രമം അധാർമികവും പ്രകൃതി നിയമത്തിന് വിരുദ്ധവുമാണെന്നു കെസിബിസി പ്രോലൈഫ് സമിതി വിലയിരുത്തി. സ്വവർഗ ലൈംഗികത ക്രിമിനൽ കുറ്റമല്ലെന്ന ഡൽഹി ഹൈക്കോടതി വിധിയും ഇതു കുറ്റമായി കണക്കാക്കുന്ന ഐ.പി. സി 377-ാം വകുപ്പ് റദ്ദാക്കണമെന്ന കോടതി ശിപാർശയും ധാർമിക മൂല്യങ്ങൾ കണക്കിലെടുക്കാതെയുള്ളതാണ്. നിലവിലുള്ള ഡൽഹി ഹൈക്കോടതിയുടെ വിധിക്കെതിരേ സുപ്രീം കോടതിയിലുള്ള കേസിൽ കക്ഷിചേരുവാൻ കെസിബിസി പ്രൊലൈഫ് സമിതി തീരുമാനിച്ചു. രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും പ്രതിപക്ഷ നേതാവിനും

വകുപ്പ്മന്ത്രിമാർക്കും പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ലക്ഷം കത്തുകൾ അയയ്ക്കുന്നതിന്റെ ഉദ്ഘാടനം സിബിസിഐ പ്രസിഡന്റ് കർദിനാൾ മാർ വർക്കി വിതയത്തിൽ നിർവഹിച്ചു. പി.ഒ.സിയിൽ നടന്ന പ്രോലൈഫ് സമിതി അഖിലകേരള സമ്മേളനത്തിൽ പ്രസിഡന്റ് റവ. ഡോ.ജോസ് കോട്ടയിൽ അധ്യക്ഷത വഹിച്ചു. എബ്രഹാം പുത്തൻകുളം, ജോർജ് സേവ്യർ, സാബു ജോസ്, അഡ്വ.ജോസി സേവ്യർ, ജേക്കബ് മാത്യു പള്ളിവാതുക്കൽ, ബെന്നി പുളിക്കൻ, അഡ്വ.തോമസ് തണ്ണിപ്പാറ, ഡോ.ജേർജ് ലിയോൺ എന്നിവർ പ്രസംഗിച്ചു.ഡൽഹിയിൽ പാർലമെന്റിന് മുമ്പിൽ നടക്കുന്ന പ്രതിഷേധ ധർണകളിൽ പ്രോലൈഫ് സമിതിയംഗങ്ങൾ പങ്കെടുക്കാൻ തീരുമാനിച്ചു. വിവിധ സംഘടന പ്രതിനിധികളെ ഉൾപ്പെടുത്തി ഓഗസ്റ്റ് ഒമ്പതിന് പി.ഒ.സിയിൽ സെമിനാർ സംഘടിപ്പിക്കാനും സമിതി തീരുമാനിച്ചു.

## 04. വിദ്യാഭ്യാസമേഖലയെ കൈപ്പിടിയിലൊതുക്കാൻ സർക്കാർ ശ്രമം: മാർ പവ്വത്തിൽ

സംസ്ഥാനത്ത് സ്വകാര്യവിദ്യാഭ്യാസമേഖലയെ കൈപ്പിടിയിലൊതുക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ശ്രമങ്ങൾ നിരാശാജനകമാണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. കൈനടി എ.ജെ ജോൺ മെമ്മോറിയൽ ഹൈസ്കൂളിന്റെ സുവർണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനയോഗത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാലയങ്ങളെ സംരക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്. ന്യൂനപക്ഷവിദ്യാഭ്യാസമേഖലയെ തകർക്കാൻ സംഘടിതശ്രമമാണ് നടക്കുന്നത്. ഇതിനെ ചെറുത്തു തോൽപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സർക്കാർ സ്കൂളുകളിൽപോലും സമൂഹത്തിലെ പിന്നോക്കവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും പ്രവേശനം നിഷേധിച്ചിരുന്ന കാലഘട്ടത്തിലാണ് ക്രൈസ്തവസഭകൾ വിദ്യാഭ്യാസമേഖലയിൽ രംഗപ്രവേശം നടത്തിയത്. അതു കേരളത്തിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തികരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കു നാന്ദികുറിച്ചു. സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങൾ തെറ്റായ ധാരണകളിൽ കുരുങ്ങിക്കിടക്കുന്നു. സർക്കാരിന്റെ ഉടമസ്ഥതയിൽ മാത്രമേ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താവൂയെന്നത് തെറ്റായ ചിന്താഗതിയാണ്. ധാർമികമൂല്യം പകർന്നുകൊടുക്കാനുപകരിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവ് രാജ്യത്ത് പുരോഗതിക്ക് തടസം നിൽക്കുന്നു. അല്ലെങ്കിൽ അതു വികൃതമായ സമൂഹത്തെ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## 05. അൽഫോൻസാമ്മ സഹനത്തെ മഹത്വവത്ക്കരിച്ചു: ഡോ. സ്റ്റാൻലി റോമൻ

സഹനത്തിന്റെ മൂല്യം ലോകത്തെ അറിയിച്ച അസാധാരണവ്യക്തിയായിരുന്നു വിശുദ്ധ അൽഫോൻസാമ്മയെന്ന് കൊല്ലം ബിഷപ് ഡോ.സ്റ്റാൻലി റോമൻ. ഭരണങ്ങാനത്ത് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഭാരതത്തിനു സ്വന്തമെന്നു പറയാൻ സഭ നമുക്ക് നൽകിയ സമ്മാനമാണ് അൽഫോൻസാമ്മ. ലോകത്തിനും മറ്റുള്ളവർക്കും വേണ്ടി ദൈവം നൽകിയ സഹനത്തെ ഈ സഹോദരി സന്തോഷപൂർവം സ്വീകരിച്ചു. നമ്മുടെ കാലഘട്ടത്തിൽ തന്നെ ജീവിച്ച വ്യക്തിയെന്ന നിലയിൽ അൽ ഫോൻസാമ്മ നമുക്ക് ഉദാത്തമായ മാതൃകയാണ്.- ബിഷപ് കൂട്ടിച്ചേർത്തു. സാധാരണ പശ്ചാത്തലത്തിൽ ജനിച്ച് അധികമാരാലും അറിയപ്പെടാതെ ജിവിച്ച് കഷ്ടപ്പാടുകൾ സഹിച്ചു മരിച്ച അൽഫോൻസാമ്മയുടെ സഹനങ്ങളെ ദൈവം മഹത്വീകരിച്ചു. ജീവിതത്തിലെ ദുരിതങ്ങളിലും വേദനകളിലും അൽഫോൻസാമ്മയുടെ മാതൃക വിശ്വാസിക്ക് പ്രത്യാശയും ആശ്വാസവും പകരും- ഡോ. സ്റ്റാൻലി റോമൻ പറഞ്ഞു.